ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 01.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ലോക്സഭ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു ; ഇന്ന് പോളിംഗ് ബൂത്തിലെത്തുന്നത് 57 മണ്ഡലങ്ങൾ ; ജനവിധി തേടുന്നവരിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും.

**Voting for the seventh and final phase of the Lok Sabha elections has begun; 57 constituencies will go to the polling booth today; Prime Minister Narendra Modi is among those who are seeking the mandate of the people.**

2. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ 7.8 ശതമാനം **G D P** വളർച്ച കൈവരിച്ച് ഇന്ത്യ.

**India's GDP has Grown 7.8 percent for Quarter-4 of the Financial Year 2023-24.**

3. അറബിക്കടലിൽ കേരള തീരത്തിനരികെ ചക്രവാതച്ചുഴി ; ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞജാഗ്രതാ നിർദ്ദേശം; ഇടുക്കിയിൽ ഉരുൾപൊട്ടലിൽ വ്യാപക നാശനഷ്ടം.

**A Cyclonic Circulation formed near Kerala coast in Arabian Sea; Yellow alert advised in five districts today; Widespread damage in landslides in Idukki.**

4. ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ലോകാരോഗ്യ സംഘടനയുടെ നെൽസൺ മണ്ടേല പുരസ്കാരം ബെംഗളൂരു നിംഹാൻസിന്.

**The National Institute of Mental Health and Neuro Sciences (NIMHANS) in Bengaluru has been awarded the Nelson Mandela Award for Health Promotion for 2024 by the World Health Organization.**

**5. ഗാസയിലെ സംഘർഷം അവസാനിപ്പിക്കാൻ ഇസ്രയേലിന്റെ പുതിയ നിർദ്ദേശം അംഗീകരിക്കണമെന്ന് ഹമാസിനോട് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ.**

**US President Joe Biden has urged Hamas to accept a new Israeli proposal to end the conflict in Gaza.**

****************************

## ELECTION 7TH PHASE

ലോക്സഭ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. ഏഴ് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 57 ലോക്സഭാ മണ്ഡലങ്ങളാണ് ഏഴാം ഘട്ടത്തിൽ ഇന്ന് പോളിംഗ് ബൂത്തിലെത്തുന്നത്. രാവിലെ ഏഴ് മണിയ്ക്ക് ആരംഭിച്ച പോളിംഗ് വൈകിട്ട് ആറ് മണിവരെ തുടരും. 10.06 കോടി വോട്ടർമാരാണ് ഇന്ന് സമ്മതിദാനാവകാശം വിനിയോഗിക്കുക. 904 സ്ഥാനാർത്ഥികളാണ് ഇന്ന് ജനവിധി തേടുന്നത്. ഇന്ന് നടക്കുന്ന വോട്ടെടുപ്പോടെ ഏപ്രിൽ 19 ന് ആരംഭിച്ച രാജ്യത്തെ പൊതുതിരെഞ്ഞെടുപ്പിലെ പോളിംഗ് നടപടികൾ പൂർത്തിയാകും. ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ 13 വീതവും പശ്ചിമ ബംഗാളിൽ 9 ഉം, ബിഹാറിൽ 8 ഉം, ഒഡീഷയിൽ 6 ഉം ഝാർഖണ്ഡിൽ മൂന്നും, ഹിമാചൽപ്രദേശിൽ നാലും, ചണ്ഡിഗഡിലെ ഒരു ലോക്സഭാ മണ്ഡലത്തിലുമാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി, കേന്ദ്ര മന്ത്രി അനുരാഗ് സിങ്ങ് ഠാക്കൂർ, കോൺഗ്രസ് നേതാവ് വിക്രമാദിത്യ സിങ്, തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി തുടങ്ങിയവരാണ് ഏഴാം ഘട്ടത്തിൽ ജനവിധി തേടുന്ന പ്രമുഖർ. വോട്ടെടുപ്പ് നടക്കുന്ന മേഖലകളിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. വോട്ടെടുപ്പ് അവസാനിക്കുന്നതോടെ എക്സിറ്റ് പോൾ ഫലങ്ങൾ ഇന്ന് പുറത്തുവരും. ഈ മാസം നാലിനാണ് ഏഴ് ഘട്ടങ്ങളിലെയും

വോട്ടെണ്ണൽ. വോട്ടെണ്ണലിനായി വിപുലമായ ക്രമീകരണങ്ങളാണ് വിവിധ സംസ്ഥാനങ്ങളിൽ ഒരുക്കിയിരിക്കുന്നത്.

***************************

## ODISHA POLLING

ഒഡീഷ നിയമസഭയിലെ ശേഷിക്കുന്ന 42 മണ്ഡലങ്ങളിലേയ്ക്കുള്ള വോട്ടെടുപ്പും ആരംഭിച്ചു. മുഖ്യമന്ത്രി നവീൻ പട്നായിക്കിന്റെ നേതൃത്വത്തിലുള്ള ബി.ജെ.ഡി യും ബി.ജെ.പി യും തമ്മിലാണ് പ്രധാന മത്സരം. ബീഹാറിലെ ബോച് പൂർ ജില്ലയിലെ അഗീഗാവ് നിയമസഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പും ഇന്ന് നടക്കുകയാണ്. സിറ്റിംഗ് എം എൽ എ മനോജ് മൻസിൽ വധക്കേസിൽ ശിക്ഷിക്കപ്പെട്ടതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ്.

***************************

## ELECTION COUNTING

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. വിവിധ ജില്ലകളിലെ ക്രമീകരണങ്ങൾ ജില്ലാ കളക്ടർമാർ വിലയിരുത്തി വരികയാണ്. ഈ മാസം നാലിന് രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. തപാൽ വോട്ടുകളാണ് ആദ്യം എണ്ണുക. പഴുതടച്ച സുരക്ഷാ സംവിധാനങ്ങളാണ് വോട്ടണ്ണലിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. വോട്ടെണ്ണൽ ദിനത്തിലെ സുരക്ഷാ ക്രമീകരണങ്ങൾ ചർച്ച ചെയ്യാൻ ഡി ജി പി യുടെ നേതൃത്വത്തിൽ ഇന്ന് കോഴിക്കോട് ഉന്നതതല യോഗം ചേരും.

***************************

## GDP GROWTH

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ 7.8 ശതമാനം G D P വളർച്ച കൈവരിച്ച് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ. 2023-24 സാമ്പത്തിക വർഷത്തിൽ വളർച്ചാ നിരക്ക് 8.2 ശതമാനമായി ഉയർന്നു. നിർമാണ ഖനന മേഖലയിലെ മികച്ച പ്രകടനമാണ് സമ്പദ് വ്യവസ്ഥ മെച്ചപ്പെടാൻ കാരണമെന്ന് കേന്ദ്ര സ്ഥിതിവിവര കണക്ക് പദ്ധതി നിർവ്വഹണ മന്ത്രാലയം അറിയിച്ചു. തൊഴിൽ സൃഷ്ടിയിൽ മുൻപന്തിയിൽ നിൽക്കുന്നത് നിർമാണ മേഖലയാണ്. ആഗോള മാന്ദ്യത്തിനിടയിലും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചതാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് ഗുണകരമായത്.

***************************

## PM-GDP DATA

G D P വളർച്ചയുടെ വിശദാംശങ്ങൾ രാജ്യത്തിന്റെ സാമ്പത്തിക മുന്നേറ്റമാണ് സൂചിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ നേട്ടത്തിൽ രാജ്യത്തെ ജനങ്ങൾക്ക് അദ്ദേഹം സാമൂഹിക മാധ്യമ പോസ്റ്റിലൂടെ നന്ദി അറിയിച്ചു. 2023-24 വർഷത്തിൽ 8.3, G D P വളർച്ച ആഗോളതലത്തിൽ ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ അതിവേഗ വളർച്ചയാണ് സൂചിപ്പിക്കുന്നത്. വരാനിരിക്കുന്ന മുന്നേറ്റങ്ങളുടെ സൂചനമാത്രമാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

***************************

## EVE CHENNAI-PM VIVEKANANDA

കന്യാകുമാരിയിലെ വിവേകാനന്ദ പാറയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന 45 മണിക്കൂർ നീണ്ട ഏകാന്ത ധ്യാനം ഇന്ന് സമാപിക്കും. വ്യാഴാഴ്ച വൈകിട്ടാണ് ശ്രീ.നരേന്ദ്രമോദി ധ്യാനം ആരംഭിച്ചത്. ഇന്ന് ധ്യാനം പൂർത്തിയാക്കിയ ശേഷം, പ്രധാനമന്ത്രി തിരുവള്ളുവർ പ്രതിമ സന്ദർശിക്കും. തുടർന്ന്

കന്യാകുമാരി ഹെലിപാഡിൽ നിന്ന് തിരുവനന്തപുരത്ത് എത്തി, ന്യൂഡൽഹിയിലേക്ക് മടങ്ങും.

*************************

## WHO- NELSON MANDELA AWARD

ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് ലോകാരോഗ്യ സംഘടനയുടെ 2024 ലെ നെൽസൺ മണ്ടേല പുരസ്കാരം ബെംഗളൂരുവിലെ National Institute of Mental Health and Neuro Sciences-നിംഹാൻസിന് . കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തലത്തിൽ ഏറെ പ്രധാന്യമുള്ള സ്ഥാപനമാണ് നിംഹാൻസ്. പുരസ്കാര നേട്ടത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി മൻസുഖ് മാണ്ഡവ്യ നിംഹാൻസിനെ അഭിനന്ദിച്ചു. ആരോഗ്യമേഖലയിൽ രാജ്യത്തിന്റെ പ്രയത്നങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് അദ്ദേഹം പറഞ്ഞു. 2019 ലാണ് ലോക ആരോഗ്യ സംഘടന നെൽസൺ മണ്ടേല പുരസ്കാരം ഏർപ്പെടുത്തിയത്.

*************************

## RAIN

തെക്ക് - കിഴക്കൻ അറബിക്കടലിൽ കേരള തീരത്തിന് അരികെ ചക്രവാതച്ചുഴി രൂപപ്പെട്ടു. ഇതിന്റെ ഫലമായി കേരള തീരത്ത് ശക്തമായ പടിഞ്ഞാറൻ കാറ്റ് നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

*************************

## RAIN IDUKKI .... INTRO

കനത്ത മഴയെ തുടർന്ന് ഇടുക്കി അറക്കുളം, വെള്ളിയാമറ്റം പഞ്ചായത്തുകളിൽ ഉരുൾപൊട്ടി. വ്യാപക നാശനഷ്ടവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.........**

(വോയ്സ്)

****************************

## DRIVING TEST – KERALA

കേരളത്തിൽ ഡ്രൈവിംഗ് ടെസ്റ്റിന് അംഗീകൃത പരിശീലകരുടെ സാന്നിധ്യം ഇന്ന് മുതൽ നിർബന്ധമാക്കി. ഇതുസംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവിറക്കി. പഠിതാക്കളെ ടെസ്റ്റിനെത്തിക്കേണ്ടത് അതത് സ്കൂളുകളുടെ അംഗീകൃത പരിശീലകൻ നേരിട്ടായിരിക്കണം. ഡ്രൈവിംഗ് സ്കൂളുകളിൽ പ്രവേശന രജിസ്റ്റർ, തിയറി ക്ലാസുകളുടെ ഹാജർ എന്നിവ നിർബന്ധമാണ്.

****************************

## REV MIRZAPUR-UP-HEAT STROKE + TN HEAT

ഉത്തരേന്ത്യയിൽ വിവിധ ഇടങ്ങളിൽ കടുത്ത ചൂട് തുടരുന്നു. ഉത്തർപ്രദേശിൽ ഉഷ്ണ തരംഗത്തിൽ 13 പേർ മരിച്ചു. മിർസാപൂരിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കെത്തിയ 7 ഹോം ഗാർഡുകൾ സൂര്യാഘാതത്തെ തുടർന്ന് മരിച്ചു. ഇവരെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അതെസമയം, പകൽ ചൂട് കൂടിയതോടെ തമിഴ്നാട്ടിൽ സ്കൂൾ തുറക്കുന്നത് മാറ്റി. ഈ മാസം 10 നായിരിക്കും സ്കൂളുകൾ തുറക്കുന്നത്. പുതുച്ചേരിയിൽ ജൂൺ 12 ന് സ്കൂൾ തുറക്കും.

****************************

## ASSAM-FLOOD

റെമൽ ചുഴലിക്കാറ്റിനെ തുടർന്ന് അസമിൽ പ്രളയക്കെടുതി രൂക്ഷമായി തുടരുന്നു. 6 പേർ മരിച്ചു. 11 ജില്ലകളിലെ മൂന്ന് ലക്ഷത്തി 50,000 പേരെ പ്രളയം ബാധിച്ചു. 560 ഗ്രാമങ്ങളിലെ 4900 ലധികം ഹെക്ടറിൽ കൃഷി നാശമുണ്ടായി. നിരവധി റോഡുകൾ തകർന്നതായി അസം ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. 148 ദുരിതാശ്വാസ ക്യാമ്പുകളും ദുരിതാശ്വാസ സമാഗ്രികളുടെ വിതരണത്തിന് 39 കേന്ദ്രങ്ങളും തുറന്നിട്ടുണ്ട്.

***************************

## US PREZ-GAZA CONFLICT

ഗാസയിലെ സംഘർഷം അവസാനിപ്പിക്കാനുള്ള ഇസ്രയേലിന്റെ പുതിയ നിർദ്ദേശം അംഗീകരിക്കാൻ ഹമാസിനോട് ആവശ്യപ്പെട്ട് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ. ഗാസയിലെ ജനവാസ മേഖലകളിൽ നിന്ന് ഇസ്രായേൽ പ്രതിരോധ സേന പിൻവാങ്ങുന്ന, ആറാഴ്ച നീളുന്ന, വെടിനിർത്തലോടെയാണ് മൂന്ന് ഭാഗങ്ങളുള്ള നിർദ്ദേശം ആരംഭിക്കുന്നത്. കരാർ ശാശ്വത പരിഹാരത്തിനും ഗാസയുടെ പുനർനിർമ്മാണ പദ്ധതിയിലേക്കും നയിക്കുമെന്നും സംഘർഷം അവസാനിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗമാണിതെന്നും യുഎസ് പ്രസിഡന്റ് പറഞ്ഞു.

***************************

## WORLD MILK DAY

ഇന്ന് ലോക ക്ഷീരദിനം. ഐക്യരാഷ്ട്രസഭക്കു കീഴിലുള്ള ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ 2001-ലാണ് ജൂൺ 1 ലോക ക്ഷീരദിനമായി അംഗീകരിച്ചത്. പാലിനെ ആഗോള ഭക്ഷണമായി അംഗീകരിക്കുന്നതിനും ക്ഷീരവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത്. ലോകമെമ്പാടുമുള്ള ഒരു ബില്ല്യണിലധികം ആളുകൾക്ക് ഉപജീവനമാർഗം നൽകുന്നതിൽ ക്ഷീര

വ്യവസായത്തിന്റെ സംഭാവനകൾ ഉയർത്തിക്കാട്ടുന്നതിലും ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കാറുണ്ട്.

***************************

## KEJRIWAL BAIL

മദ്യ നയ അഴിമതിക്കേസിലെ ഇടക്കാല ജാമ്യം ഒരാഴ്ചകൂടി നീട്ടണമെന്നാവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നല്കിയ ഹർജി കോടതി ഇന്ന് പരിഗണിക്കും. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇതുസംബന്ധിച്ച മറുപടി റിപ്പോർട്ട് സമർപ്പിച്ചു.

*********************************************************************************

***************************